KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.64/PR/PIC/PHQ/13 Date :06.07.2013

## റോഡപകടങ്ങൾ കുറയ്ക്കാൻ കർശന നടപടിക്ക് നിർദ്ദേശം

സംസ്ഥാനത്ത് ട്രാഫിക് അപകടങ്ങൾ വർദ്ധിച്ച് വരുന്നത് തടയാനും അപകടങ്ങൾ കുറയ്ക്കാനും അടിയന്തര നടപടികൾ സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി കെ.എസ്. ബാലസുബ്രമണ്യൻ നിർദ്ദേശം നൽകി. ഇക്കഴിഞ്ഞ ജനുവരി മുതൽ മേയ് വരെയുള്ള കാലയളവിൽ നടന്ന റോഡപകടങ്ങളുടെ കണക്കുകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് നിർദേശം. ഇക്കാലയളവിൽ 15717 റോഡപകടങ്ങളിലായി 1900 പേർ മരണപ്പെടുകയും 11000 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

അശ്രദ്ധമായ വാഹനമോടിക്കൽ ഇക്കാലയളവിൽ 15109 വാഹനാപകടങ്ങൾക്ക് കാരണമായി. അശ്രദ്ധമായും അമിത വേഗത്തിലും വാഹനമോടിക്കുന്നവരെ കണ്ടെത്താനുള്ള പരിശോധനകൾ കർശനമാക്കാനും വേഗപരിധി ലംഘിക്കുന്നവർക്കെതിരെ മോട്ടോർ വാഹന നിയമവും ചട്ടങ്ങളുമനുസരിച്ച് പ്രോസിക്യൂഷൻ നടപടികൾ എടുക്കാനും പോലീസ് മേധാവി നിർദ്ദേശിച്ചു. അമിതവേഗം പരിശോധിക്കുന്നതിനുള്ള ഉപകരണങ്ങൾ എല്ലാ ജില്ലകൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

മദ്യപിച്ച് വാഹനമോടിച്ചുള്ള അപകടങ്ങൾ വർധിച്ചുവരുന്നതിനാൽ ഇതു സംബന്ധിച്ച് പരിശോധനയും കർശനമാക്കണം. അപകടങ്ങളുണ്ടാകുമ്പോൾ സ്ഥലത്തെത്തുന്ന പോലീസ് ടീം വാഹനമോടിച്ചയാൾ മദ്യപിച്ചിട്ടുണ്ടോയെന്നു പരിശോധിക്കണം. മദ്യപിച്ചിട്ടുള്ളതായി സംശയം തോന്നിയാൽ ആൾക്കോമീറ്റർ ടെസ്റ്റിനു വിധേയമാക്കുകയും അതിന്റെ ഫലം അന്വേഷണോദ്യോഗസ്ഥനെ അറിയിക്കുകയും വേണം. ഡ്രൈവർ മദ്യപിച്ചതായി തെളിയുന്ന കേസുകളിൽ ഡ്രൈവിങ് ലൈസൻസ് സസ്പെൻഡ് ചെയ്യാനും പ്രോസിക്യൂഷൻ നടപടികളെടുക്കാനുമായി ആ വിവരം അന്വേഷണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ആർടി ഓഫീസർക്ക് നൽകണം. അപകടങ്ങളുണ്ടായാലും ഇല്ലെങ്കിലും മദ്യപിച്ച് വാഹനമോടിച്ചയാളുടെ ഡ്രൈവിങ് ലൈസൻസ് സസ്പെൻഡ് ചെയ്ത് പ്രോസിക്യൂഷൻ നടപടികൾക്ക് വിധേയമാക്കാനായി ആർടി ഓഫീസർക്ക് റിപ്പോർട്ട് ചെയ്യണം.

ഈ വർഷം ജനുവരി മുതൽ മേയ് വരെ ഇരുചക്ര വാഹനൾ ഉൾപ്പെട്ട 7668 അപകടങ്ങൾ സംസ്ഥാനത്തുണ്ടായി. ഈ സാഹചര്യത്തിൽ ഹെൽമെറ്റ് പരിശോധന കർശനമാക്കണം. ഇരുചക്ര വാഹനങ്ങൾ കഴിഞ്ഞാൽ ലോറികളും സ്വകാര്യ

ബസുകളുമാണ് അപകടങ്ങൾക്ക് കാരണമാകുന്നതിൽ മുന്നിൽ. 1299 ലോറി അപകടങ്ങളും സ്വകാര്യ ബസുകൾ ഉൾപ്പെട്ട 1361 അപകടങ്ങളും ഈ കാലയളവിലുണ്ടായി. ലോറികൾക്കും സ്വകാര്യ ബസ്സുകൾക്കും പെർമിറ്റുകൾ നൽകുന്നതിൽ മോട്ടോർ വാഹന വകുപ്പ് ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കണമെന്നും വീഴ്ചകൾ കണ്ടാൽ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിന് മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും പൊലീസ് മേധാവി നിർദ്ദേശിച്ചു. സംസ്ഥാന ഹൈവേകളിലും പഞ്ചായത്തു റോഡുകളിലും വലിയ തോതിൽ അപകടങ്ങളുണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുള്ളതിനാൽ ഇവിടങ്ങളിലും പരിശോധന കർശനമാക്കണം.

എന്നാൽ വാഹനപരിശോധനകൾ ട്രാഫിക് തടസ്സങ്ങളോ യാത്രക്കാർക്ക് ബുദ്ധിമുട്ടോ ഉണ്ടാകാത്ത വിധത്തിലാവണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വാഹനപരിശോധനയുടെ പേരിൽ മോശമായ പെരുമാറ്റമോ തെറ്റായ സമീപനമോ ഉണ്ടാകരുത്. കഴിയുന്നതും പരിശോധനകൾ വീഡിയോയിൽ പകർത്തുകയും ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചു നടത്തുകയും വേണം.

ശരിയായ ട്രഫിക് അവബോധത്തിന്റെ കുറവാണ് അപകടങ്ങൾ വർദ്ധിക്കുന്നതിന് ഒരു കാരണമെന്നതിനാൽ ട്രാഫിക് ബോധവത്കരണ പരിപാടികൾ ഊർജിതമാക്കണം. സാമൂഹിക-സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കണം. ഹെൽമെറ്റ് ധരിച്ച് വാഹനമോടിക്കേണ്ടതിന്റെ ആവശ്യകത, കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം, മദ്യപിച്ച് വാഹനമോടിക്കുന്നത് ഒഴിവാക്കൽ തുടങ്ങി ഗതാഗത സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബോധവത്കരണ പരിപാടിയിൽ ഉൾപ്പെടുത്തണം.

ഈ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ സ്വീകരിക്കപ്പെടുന്നുണ്ടെന്ന് ജില്ലാ പോലീസ് മേധാവികൾ ഉറപ്പാക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ മാസാമാസം വിലയിരുത്തി റിപ്പോർട്ട് ചെയ്യണമെന്നും സംസ്ഥാന പോലീസ് മേധവി നിർദ്ദേശിച്ചു. അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പോലീസിന്റെ നടപടികൾക്ക് പൊതുജനങ്ങളുടെ എല്ലാ പിന്തുണയും ഉണ്ടാകണമെന്നും അദ്ദേഹം അഭ്യർഥിച്ചു.